ചെയ്തു കൊടുക്കാറുണ്ട്. മീറ്റർ പോയിന്റിനുശേഷമുള്ള പൈപ്പു ലൈനിൽ ചോർച്ച കാരണം അമിത മീറ്റർ റീഡിംഗ് വരുന്ന പരാതികളിലും പ്രശ്നം പരിഹരിച്ചശേഷം വാട്ടർ ചാർജ് പുനർനിർണ്ണയം ചെയ്തു കൊടുക്കാറുണ്ട്. കൂടുതൽ പരാതികൾ ഒഴിവാക്കാനായി ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കി വരുന്നു.

(സി) അങ്ങനെ ഒരു പൊതു പരാതി വന്നിട്ടില്ല. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന പരാതികളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ പ്രധാനപ്പെട്ട ഡിവിഷൻ ഓഫീസുകളിലെല്ലാം ഒരു റവന്യൂ ഓഫീസറുടെ മേൽനോട്ടത്തിൽ പരാതി പരിഹാരത്തിനായി ഒരു സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. ബില്ലുകൾ സംബന്ധിച്ച് പരാതികൾ പരിഹരിക്കാൻ പരമാവധി ശ്രമിക്കാറുള്ളതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.

(ഡി) വിവിധ കാരണങ്ങളാൽ ഉണ്ടാകുന്ന പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനുണ്ടാകുന്ന കാലതാമസംമൂലം വെള്ളക്കരം ഈടാക്കാൻ താമസം വരുന്നുണ്ട്.

(ഇ) ഉദിക്കുന്നില്ല.

പരിസ്ഥിതി സംരക്ഷണവും വിനോദസഞ്ചാര വികസനവും

20 (*201) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാരത്തിന്റെ വികസനത്തിന് പരിസ്ഥിതി സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എക്കോ ടൂറിസം പദ്ധതികളിൽ പരിസരമലിനീകരണം ഒഴിവാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വന്യജീവിസംരക്ഷണ കേന്ദ്രങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഇതുസംബന്ധിച്ച പഠനം നടത്തിവരുന്നു. കേരളത്തിലെ കായലുകളുടെ സമഗ്രവികസനം, വന്യമൃഗസംരക്ഷണം, കോവളത്തെ മലീനീകരണ പ്രശ്നങ്ങൾ, തെൻമല ഇക്കോ-ടൂറിസം പദ്ധതി എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികളും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നടന്നുവരുന്ന ഇക്കോ ഫ്രണ്ട്ലി പരിപാടികൾ പരിസര മലിനീകരണം ഒഴിവാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് നിരോധനം, ടൂറിസ്റ്റുകളെ ബോധവൽക്കരിക്കുന്ന സൈൻ ബോർഡുകൾ, മരങ്ങൾ വച്ചുപിടിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കുകളുടെ ഉപയോഗം, പുകയില്ലാത്ത ബാറ്ററി ബസ്സുകൾ തുടങ്ങിയ പദ്ധതികൾ ഇക്കോ-ടൂറിസം പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ടൂറിസം സെന്ററുകളിലെ ശുചീകരണവും, മാലിന്യ സംസ്ക്കരണവും നടപ്പിൽ വരുത്തുവാൻ വേണ്ടി വന്യജീവി സങ്കേതങ്ങളിൽ തദ്ദേശവാസികളുടെ പങ്കാളിത്തത്തോടുകൂടി ഇക്കോ-ടൂറിസം പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളിൽ പ്ലാസ്റ്റിക്കുകളുടെ നിർമ്മാർജ്ജനം ഒരു പ്രധാന വിഷയമായി ലക്ഷ്യമിട്ടിട്ടുണ്ട്. വനത്തിലുള്ള ട്രക്കിംഗ് പ്രോഗ്രാമുകളിൽ ടൂറിസ്റ്റുകളുടെ എണ്ണം ആ സ്ഥലത്തെ വാഹകശേഷിക്ക് അനുസൃതമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ആശുപത്രികളെ പവർകട്ടിൽ നിന്നും ഒഴിവാക്കാൻ നടപടി

21 (*202) ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പവർകട്ടിൽ നിന്നും ഏതെങ്കിലും വിഭാഗം ഉപഭോക്താക്കളെ ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളെ എന്ന് വ്യക്തമാക്കാമോ ;

(ബി) മുന്നൂറിലധികം രോഗികളെ ഒരേസമയം ഇൻപേഷ്യന്റായി കിടത്തി ചികിത്സിക്കുന്ന ഗവൺമെന്റ് ആശുപത്രികളെ പവർകട്ടിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം പല ഗവൺമെന്റ് ആശുപത്രികളിലും ജനറേറ്ററില്ലാത്തതിനാലും ജനറേറ്ററുള്ളിടത്ത് അത് പ്രവർത്തിപ്പിക്കാത്തതിനാലും അടിയന്തിര ശസ്ത്രക്രിയകളും ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനവും തടസ്സപ്പെടുത്താതിരിക്കുന്നതിനായി ഇവയെ പവർകട്ടിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) നിലവിൽ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. ലോഡ് ഷെഡ്ഡിംഗ് മാത്രമേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly